**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3756 19.02.2013-ൽ മറുപടിയ്ക്ക്**

**ജി.വി.രാജ സ്പോർട്സ് സ്കൂൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഇക്കഴിഞ്ഞ ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ ജി.വി.രാജ സ്പോർട്സ് സ്കൂളിൽ നിന്നും എത്ര കുട്ടികളാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ ; അതിൽ എത്ര പേർ വിജയിച്ചു ; | (എ) | ഇക്കഴിഞ്ഞ ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ ജി.വി.രാജ സ്പോർട്സ് സ്കൂളിൽ നിന്നും 2 കുട്ടികൾ പങ്കെടുത്തു. ഈ കുട്ടികൾക്ക് ദേശീയ മീറ്റിൽ സ്ഥാനം ലഭിച്ചിട്ടില്ല. |
| (ബി) | സാധാരണ സ്കൂളിൽ നിന്നും പ്രൈവറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ നിന്നും എത്ര വിദ്യാർത്ഥികളാണ് ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ പങ്കെടുത്തത്; അതിൽ എത്ര പേർ വിജയിച്ചു ; | (ബി) | സ്പോർട്സ് സ്കൂളുകൾ ഉൾപ്പെടെ ഗവൺമെന്റ് സ്കൂളുകളിൽ നിന്നും 12 കുട്ടികളും മാനേജ്മെന്റ് സ്കൂളുകളിൽ നിന്നും 111 കുട്ടികളും ദേശീയ അത്‌ലറ്റിക് മീറ്റിൽ പങ്കെടുത്തു. അതിൽ 73 കുട്ടികൾ ദേശീയ മത്സരത്തിൽ വിജയിച്ചിട്ടുണ്ട്. |
| (സി) | ജി.വി.രാജ സ്പോർട്സ് സ്കൂളിൽ ആകെ എത്ര പരിശീലകരാണ് ഉള്ളത് ; എത്ര കുട്ടികൾക്കാണ് ഒരു കോച്ച് ഉള്ളതെന്ന അനുപാതം വെളിപ്പെടുത്തുമോ ; | (സി) | ജി.വി.രാജ സ്പോർട്സ് സ്കൂളിൽ ആകെ 6 പരിശീലകർ നിലവിലുണ്ട്. പ്രത്യേക അനുപാത ക്രമത്തിലല്ല ഇവിടെ പരിശീലകർ ഉള്ളത്. |
| (ഡി) | വോളിബോളിന് പരിശീലകൻ ഉണ്ടോ ; ഇല്ലെങ്കിൽ പരിശീലകനെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ഡി) | ജി.വി.രാജ സ്പോർട്സ് സ്കൂളിൽ വോളിബോൾ കോച്ച് നിലവിൽ ഇല്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്. |
| (ഇ) | ജി.വി.രാജ സ്പോർട്സ് സ്കൂളിന്റെ നിലവാരം രാജ്യത്തെ മറ്റു സ്കൂളുകളിലേക്കാൾ മെച്ചപ്പെട്ടതാക്കുന്നതിനായി സ്പോർട്സ് കൗൺസിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ഇ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും ജി.വി.രാജ സ്കൂളിൽ കായിക പരിശീലനം നൽകുന്നതിലേയ്ക്കായി, അത്‌ലറ്റിക്സ്, ഹോക്കി, ക്രിക്കറ്റ് തുടങ്ങിയ കായിക ഇനങ്ങളിൽ കായിക പരിശീലകരെ നിയോഗിച്ചിട്ടുണ്ട്. |
| (എഫ്) | ജി.വി.രാജ സ്പോർട്സ് സ്കൂളിൽ നിലവിൽ ആൺകുട്ടികളുടെ ഹോസ്റ്റലിൽ വാർഡനെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ , അദ്ദേഹത്തിന്റെ സേവനം ലഭിക്കുന്നുണ്ടോ ; | (എഫ്) | ജി.വി.രാജ സ്പോർട്സ് സ്കൂളിൽ നിലവിൽ ആൺകുട്ടികളുടെ ഹോസ്റ്റലിൽ ഡെപ്യൂട്ടി വാർഡനെ നിയമിച്ചിട്ടുണ്ട്. ടിയാന്റെ സേവനം ലഭ്യമാകുന്നുണ്ട്. സ്കൂൾ പ്രിൻസിപ്പലിനാണ് വാർഡന്റെ ചുമതല നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ജി) | പ്രസ്തുത സ്കൂളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂളിന്റെ റഗുലർ സമയം കഴിഞ്ഞ് എക്സ്ട്രാ ക്ലാസ്സുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ? | (ജി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ